# കുടുംബവിശുദ്ധീകരണത്തിന് പ്രാർത്ഥന

കുടുംബത്തെ സ്ഥാപിക്കുകയും കുടുംബജീവിതത്തെ അനുഗ്രഹിക്കുകയും ചെയ്ത പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങ് ഞങ്ങളുടെ മദ്ധ്യേ സന്നിഹിതനായിരിക്കുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. ഞങ്ങൾക്കു നല്കിയിട്ടുള്ള ആത്മീകവും ശാരീരികവുമായ എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾ ചെയ്തു പോയിട്ടുള്ള പാപങ്ങളെക്കുറിച്ചു ഞങ്ങൾ മനസ്തപിക്കുന്നു. അവയ്ക്ക് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു. ഞങ്ങളുടെ ഭവനത്തിൽ അങ്ങു വാസമുറപ്പിക്കണമേ. ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവർത്തികളും വ്യാപാരങ്ങളും അങ്ങ് നിയന്ത്രിക്കണമേ. വിശ്വാസത്തിലും വിശുദ്ധിയിലും ഞങ്ങളെ വളർത്തണമേ. പരസ്പര സ്നേഹവും ബഹുമാനവും ഞങ്ങൾക്കു നല്കണമേ. ഭിന്നതയും കലഹവുമുണ്ടാകാതെ സമാധാനത്തിലും ഐക്യത്തിലും ഞങ്ങളെ നയിക്കണമേ.

ദൈവശുശ്രൂഷയ്ക്കും സഭാസേവനത്തിനുമായി ഞങ്ങളുടെ കുടുംബത്തിൽ നിന്ന് പ്രേഷിതരെ വിളിക്കണമേ. രോഗികളേയും ആസന്നമരണരേയും കാത്തു പരിപാലിക്കണമേ. പാപസാഹചര്യത്തിൽ നിന്നും അപകടങ്ങളിൽ നിന്നും ഞങ്ങളെ ഓരോരുത്തരേയും കാത്തുരക്ഷിക്കണമേ. ഞങ്ങളുടെ കുടുംബത്തിൽ നിന്നു മരിച്ചുപോയിട്ടുള്ളവർക്ക് സ്വർഗ്ഗരാജ്യം നല്കണമേ. ഞങ്ങളുടെ അയൽക്കാരേയും ചാർച്ചക്കാരേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഞങ്ങളെല്ലാവരും അവസാനം അങ്ങയോടൊന്നിച്ച് സ്വർഗ്ഗഭാഗ്യം അനുഭവിക്കുവാൻ ഇടവരുത്തുകയും ചെയ്യണമേ. ആമ്മേൻ.

Church of Our Lady of Fatima, Okhla, New Delhi-25